# ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്

## ഫിലിപ്പ്യർ 4:6

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്; എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കുകയത്രേ വേണ്ടത."

ഇന്ന് ഈ ലോകത്തിൽ ആയിരിക്കുന്ന ഓരോ വ്യക്തിയും അനേക തരത്തിലുള്ള ആകുലതകളുടെ നടുവിലാണ് ജീവിക്കുന്നത്. ഒരു സമാധാനവുമില്ലാതെ ആകുലപ്പെടുന്ന ഒരു ദൈവപൈതലിന് വചനം നൽകുന്ന ഒരു ദൈവീക സമാധാനത്തിന്റെ സന്ദേശമാണ് മേൽ പറഞ്ഞ വാക്യം. ദൈവത്തെ അറിഞ്ഞ്, അവന്റെ സന്നിധിയിൽ എപ്പോഴും ആയിരിക്കുന്ന ഒരു വ്യക്തിക്ക് തന്റെ ജീവിത സാഹചര്യങ്ങൾ എന്തു തന്നെയായാലും ആകുലതകളില്ലാതെ ജീവിക്കാൻ കഴിയും. സകല ബുദ്ധിയെയും കവിയുന്ന ദൈവീക സമാധാനം അനുഭവിക്കാൻ കഴിയും എന്നാണ് വചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. എല്ലാ ഭാരങ്ങളെയും അവന്റെ കരങ്ങളിൽ ഏൽപ്പിക്കാൻ വചനം നമ്മോട് പറയുന്നു.

എന്നാൽ ഇന്ന് വാസ്തവമായി ഈ സമാധാനം ഉള്ളങ്ങളിൽ ഏറ്റെടുത്ത് കൊണ്ട് വിചാരപ്പെടാതെ പ്രാർഥനയുടെ അനുഭവത്തിൽ ജീവിക്കുവാൻ ഒരു വിശ്വാസിക്ക് കഴിയുന്നുണ്ടോ? മിക്കപ്പോഴും സാധിക്കുന്നില്ല എന്നതാണ് സത്യം. പ്രാർഥിക്കുകയും അപേക്ഷിക്കുകയും ചെയ്തു കൊണ്ട് സ്തോത്രത്തോടെ ദൈവസന്നിധിയിൽ നിൽക്കുമ്പോഴും മനുഷ്യന്റെ ആശ്രയം പലപ്പോഴും സ്വന്ത ബുദ്ധിയിലും, സ്വന്തമായ വഴികളിലുമാണ്. അവനെന്നെ നടത്തുവാൻ മതിയായവനാണ് എന്നറിഞ്ഞിട്ടും കഴിഞ്ഞ കാലങ്ങളിൽ നടത്തിയ വഴികളും, തന്ന വിടുതലുകളും മറന്നു പോകുന്നവരാണ് നാം. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ സംഭവിക്കുന്നതൊന്നും ദൈവം അറിയാതെ അല്ല എന്ന് നാം അറിയണം. അവന് നമ്മുടെ ജീവിതത്തെ കുറിച്ച് വളരെ വ്യക്തമായ ഒരു ഉദ്ദേശമുണ്ട്. അത് നമ്മുടെ ചിന്തകളെക്കാളും ഉയർന്നവയാണ്. അവൻ സകലവും നന്മയ്ക്കായിട്ട് പരിണമിപ്പിക്കുന്നു. ഇത് ഒരു വിശ്വാസി അറിയണം. ഹൃദയത്തിൽ ഉറപ്പിക്കണം. അപ്പോൾ അവന്റെ ഭാവിയെക്കുറിച്ച് ആകുലതയില്ലാതെ ജീവിക്കാൻ കഴിയും.

ആകുലപ്പെട്ടതു കൊണ്ട് നമുക്ക് ഒന്നും നേടാൻ സാധിക്കുന്നില്ല. എന്നാൽ നഷ്ടപ്പെടാൻ ഒത്തിരി ഉണ്ട് താനും. അവന്റെ ആരോഗ്യം, സന്തോഷം, സമാധാനം എല്ലാം നശിപ്പിക്കാൻ ആകുല ചിന്തകളിലൂടെ സത്താനു സാധിക്കും. പ്രത്യാശ നശിപ്പിച്ച് നിരാശയുടെ പടുകുഴിയിലേക്ക് തള്ളിയിടാൻ സാത്താൻ ശ്രമിക്കുമ്പോൾ ദൈവപൈതൽ അതിന് നിന്ന്

കൊടുക്കരുത്. ഒരു വിശ്വാസിക്ക് എന്തിനെപറ്റിയെങ്കിലും ആകുലത ഉണ്ടെങ്കിൽ അത് തന്റെ സൃഷ്ടാവിലുള്ള വിശ്വാസക്കുറവിനെയാണ് കാണിക്കുന്നത്.

അതു കൊണ്ട് എന്നെ മെനയുകയും, രക്ഷിക്കുകയും, പരിപാലിക്കുകയും, പരിശുദ്ധാത്മാവിനെ തന്ന് വഴിനടത്തുകയും ചെയ്യുന്ന ഒരു സ്നേഹവാനായ പിതാവ് നമുക്കുള്ളപ്പോൾ സർവ്വശക്തനും, സർവ്വാധിപതിയുമായ ആ പിതാവിന്റെ മഹത്വം കാണാതെ ആകുലതകളിൽ പെട്ട് സമാധാനമില്ലാത്തവരായി അവന്റെ മക്കൾ ജീവിക്കുന്നെങ്കിൽ അത് എത്രവലിയ ഒരു ദയനീയ അവസ്ഥയാണ് എന്ന് നാം മനസ്സിലാക്കണം. സകല ഭാരവും ഏറ്റെടുത്ത് നമ്മെ മാറോട് ചേർക്കാൻ കൊതിക്കുന്ന ഒരു സ്നേഹനിധിയായ പിതാവിനെ വിശ്വസിക്കാതെ ലോകത്തേയും ലോക ശക്തികളേയും ആശ്രയിച്ച് ജീവിക്കാൻ തീരുമാനിച്ചാൽ നഷ്ടം എന്താണ് എന്ന് നാം തിരിച്ചറിയണം. അവന്റെ സന്നിധിയിലേക്ക് സുബോധം വീണ്ടെടുത്ത് മടങ്ങി വരണം. അപ്പോൾ സകലബുദ്ധിയെയും കവിയുന്ന സമാധാനം നമുക്കും അനുഭവിക്കാൻ കഴിയും. എപ്പോഴും സന്തോഷിക്കുവാൻ കഴിയും. അതിനായി സർവ്വശക്തൻ നമ്മെയും അനുഗ്രഹിക്കട്ടെ.

**പരാമർശം**

1 പത്രോസ് 5:7

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.

## സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 038